

FRIDAY 09-06-2023 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor : PADMAM S.** **Editor : Dr. BINU HARRIET IVAN**

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-09/06/2023.

1. നാളികേര വികസന ബോർഡ്, തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം ലഭിച്ചവർക്കായി തെങ്ങ് കയറ്റം, തെങ്ങ് സംരക്ഷണം, വിളവെടുപ്പ് ഉൾപ്പടെ തെങ്ങു കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഒരു കോൾ സെന്റർ സ്ഥാപിക്കാൻ തീരുമാനിച്ചിരിക്കുന്നു. കോൾ സെന്ററിനാവശ്യമായ ഡാറ്റാബേസ് നിർമ്മിക്കുന്നതിന് വേണ്ടി വിവിധ നാളികേര ഉത്പാദക ഫെഡറേഷനുകൾ/കമ്പനികൾ/സൊസൈറ്റികൾ, കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ, കൃഷിഭവനുകൾ വഴി നാളിതുവരെ ബോർഡ് സംഘടിപ്പിച്ചിട്ടുള്ള തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയിൽ പങ്കെടുത്ത് തെങ്ങ് കയറ്റം തൊഴിലായി സ്വീകരിച്ചിട്ടുള്ളവരിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു കൊണ്ടിരിക്കുന്നു. ഗ്രാമപഞ്ചായത്ത് തലത്തിൽ ഇവരുടെ സേവനം പ്രയോജനപ്പെടുത്തും. താൽപര്യമുള്ള തെങ്ങിന്റെ ചങ്ങാതിമാർ വിവരങ്ങൾ നൽകുന്നതിനായി cdbpub@gmail.com എന്ന മെയിൽ ഐഡിയിലോ 0484 2376265, 2376137, 8848061240 എന്നീ നമ്പരുകളിലോ ബന്ധപ്പെടുക.

2. കോട്ടയം കോഴ ജില്ലാ കൃഷിത്തോട്ടത്തിൽ WCT, DxT തെങ്ങിൻതൈകൾ, കുള്ളൻ തെങ്ങിൻ തൈകൾ, കുരുമുളക്, ജാതി ഗ്രാഫ്റ്റ്, പ്ലാവ്, മാവ്, സപ്പോട്ട, റമ്പൂട്ടാൻ ഗ്രാഫ്റ്റുകൾ, പേര ലെയർ, നാരകം, ഓടിച്ചു കുത്തി നാരകം, ജാമ്പ, ചെറി, ടിഷ്യുകൾച്ചർ വാഴ, കാരമ്പോള, ബറാബ, ആത്ത, മിറക്കിൾ ഫ്രൂട്ട്, കറിവേപ്പില, മാതളം തൈകൾ, മുളകു വിത്തുകൾ, പയർ, പാവൽ, വെള്ളരി, വെണ്ട മത്തൻ, വഴുതന, കുറ്റിപയർ, ചീര വിത്തുകൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0482 2232684, 9383470721 എന്ന നമ്പരിൽ ബന്ധപ്പെടുക.

3. തിരുവനന്തപുരം ജില്ലാ കൃഷിത്തോട്ടത്തിൽ പ്ലാവ്, മാവ്, റമ്പൂട്ടാൻ, സപ്പോട്ട, ജാതി, കശുമാവ്, കുടംപുളി ഗ്രാഫ്റ്റുകൾ, കുറ്റികുരുമുളക്, വേരുപിടിപ്പിച്ച കുരുമുളക് തൈകൾ, പേര, ജാമ്പ, നാരകപ്പതി, വെസ്റ്റ് ഇന്ത്യൻ ചെറി, തെങ്ങ്, കാമുക്, പേര തൈകൾ, ചീരപയർ കുറ്റിപയർ, പാവൽ പടവലം, വെണ്ട വെള്ളരി, എന്നിവ ലഭ്യമാണ് കൂടുതൽ വിവരങ്ങൾക്ക് 0472 2846488, 938470306 എന്ന നമ്പരിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. തിരുവനന്തപുരം ജില്ലയിലെ രാത്രികാല അടിയന്തിര മൃഗചികിത്സാ സേവന പദ്ധതിയുടെ ഭാഗമായി അത്യാവശ്യ സർവ്വീസ് നടത്തുന്നതിലേയ്ക്കായി താൽക്കാലികാടിസ്ഥാനത്തിൽ വെറ്ററിനറി ഡോക്ടർമാരെ നിയമിക്കുന്നു. ഇന്ന് (09.06.2023) രാവിലെ പതിനൊന്ന് മണിയ്ക്ക് തിരുവനന്തപുരം തമ്പാനൂർ എസ്.എസ്.കോവിൽ റോഡിലുള്ള ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ വെച്ചാണ് വാക് ഇൻ ഇന്റർവ്യൂ നടത്തുന്നത്. കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ ഉള്ള ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾക്കൊപ്പം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളുമായാണ് ഹാജരാകേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് 0471-2330736 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

5. നാളികേര വികസന ബോർഡിന്റെ നേര്യമംഗലം വിത്തുൽപ്പാദന പ്രദർശന തോട്ടത്തിൽ ഗുണമേന്മയുള്ള **നാടൻ, കുറിയ ഇനം** തെങ്ങിൻ തൈകൾ വിൽപനയ്ക്ക് തയ്യാറായിട്ടുണ്ട്. കുറഞ്ഞത് 10 തൈകൾ വാങ്ങുന്ന കേര കർഷകർക്ക് നാളികേര വികസന ബോർഡിന്റെ തെങ്ങ് പുതു കൃഷി പദ്ധതിയിൽ സബ്സിഡിയും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0485 2554240** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

6. തിരുവനന്തപുരം കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 20, 21 തീയതികളിൽ **"മുട്ടക്കോഴി വളർത്തൽ"** എന്ന വിഷയത്തിലും 26, 27 തീയതികളിൽ **"പന്നിവളർത്തൽ"** എന്ന വിഷയത്തിലും പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471- 2732918** എന്ന നമ്പരിൽ ബന്ധപ്പെടുക.

7. തിരുവനന്തപുരം കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പിടക്കോഴിക്കുഞ്ഞുങ്ങളെ 25 രൂപ നിരക്കിലും പൂവൻകോഴി കുഞ്ഞുങ്ങളെ അഞ്ചു രൂപ നിരക്കിലും എല്ലാ ചൊവ്വ ,വെള്ളി ദിവസങ്ങളിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. താൽപ്പര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ **0471-2730804** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് 2023 ജൂൺ 14 മുതൽ 16 വരെയുള്ള തീയതികളിൽ നടക്കുന്ന കോഴ്സിൽ പ്ലസ്ടുവിനോ ബിരുദത്തിനോ രസതന്ത്രം ഒരു വിഷയമായി പഠിച്ചിട്ടുള്ളവർക്ക് ചേരാം. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാം.

**കാർഷിക നിർദ്ദേശം-പച്ചക്കറി കൃഷി**

9. മഴയെ ആശ്രയിച്ചും ഓണത്തിന് വിളവെടുക്കുന്നതിനുമായി ചെയ്യുന്ന പച്ചക്കറി കൃഷിയ്ക്കായി വിത്ത് പാകി മുളപ്പിച്ച ഒരു മാസം പ്രായമായ തൈകൾ നടുന്നതിനുള്ള സമയമാണിപ്പോൾ. ഒരു സെന്റിലേക്ക് 1 മുതൽ 2 കിലോ എന്ന തോതിൽ കുമ്മായവും അടിവളവും ചേർത്ത് നിലമൊരുക്കിയ സ്ഥലങ്ങളിൽ വെണ്ട, വഴുതന, തക്കാളി, മുളക്, പയർ തുടങ്ങിയ പച്ചക്കറി വിളകളുടെ നല്ല ആരോഗ്യമുള്ള തൈകൾ നടീലിനായി തിരഞ്ഞെടുക്കുക. നടീൽ സമയത്ത് വേരുകൾ സ്യൂഡോമോണാസ് ലായനിയിൽ മുക്കി വെച്ച ശേഷം നടുന്നതും ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച ചാണകം മണ്ണിൽ ചേർത്ത് കൊടുക്കുന്നതും രോഗങ്ങളെ പ്രതിരോധിക്കാൻ സഹായിക്കും. മഴക്കാലമായതിനാൽ തൈകൾ ഉയർന്ന വാരങ്ങളിൽ നടാനും നീർവാർച്ച സൗകര്യം ഉറപ്പാക്കാനും പ്രത്യേകം ശ്രദ്ധിക്കണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം